## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 40      11/06/2012 ൽ മറുപടിക്ക്

### ഗസറ്റ് നോട്ടിഫിക്കേഷൻ വഴി പേരുമാറ്റം

| ചോദ്യം: | ഉത്തരം: |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. ഉദ്യോഗത്തിനായി അപേക്ഷിക്കുകയും, അപേക്ഷിക്കുന്ന സമയത്തുള്ള പേര് ചില കാരണങ്ങളാൽ ഗസറ്റ് നോട്ടിഫിക്കേഷൻ വഴി മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ, അത്തരം ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുമ്പോൾ അവർക്ക് ഗസറ്റ് നോട്ടിഫിക്കേഷൻ വഴി മാറ്റിയ പുതിയ പേരിൽ ജോലിയിൽ പ്രവേശിക്കാനുള്ള നടപടി സ്വീകരിക്കുമോ ;<br><br>(സി) ഇത്തരം വിഷയങ്ങളിൽ നിയമാനുസൃതമായി നടപടികൾ സ്വീകരിക്കാതെ ജോലിയിൽ പ്രവേശിക്കേണ്ടി വരുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ഉദ്യോഗസ്ഥന്മാർക്ക് മാർഗ്ഗ നിർദ്ദേശം സർക്കാർ നൽകുമോ ? | (ബി) + (സി) അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരിൽ നിന്നും വ്യത്യാസം വരുന്ന പക്ഷം 24.05.85ലെ G.O(MS)No.195/85/GAD ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം, പേരിൽ വന്ന വ്യത്യാസം ഗസറ്റിൽ വിജ്ഞാപനം ചെയ്തതിന്റെ പകർപ്പ് SSLC ബുക്കിലോ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പിലോ ചേർത്ത് വെയ്ക്കേണ്ടതാണ് എന്ന് ജനറൽ കണ്ടീഷനിൽ para 13(g)(ii)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ